<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5006</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>ജലസാഹസ ടൂറിസം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസാഹസ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലസാഹസിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങളും, ഫെസ്റ്റുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ച് വരുന്നു. അവ ചുവടെ ചേർക്കുന്നു.<br><br>**1. <u>മലബാർ റിവർ ഫെസ്റ്റിവൽ (അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്</u>** കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും, കോഴിക്കോട് ഡി.ടി.പി.സിയും, ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷനും (IKCA) സംയുക്തമായി മലബാർ റിവർ ഫെസ്റ്റിവൽ 2024 ജൂലൈ മാസം 25, 26, 27, 28 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>**2. <u>അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ, വർക്കല,തിരുവനന്തപുരം</u>**<br><br>കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും, തിരുവനന്തപുരം ഡി.ടി.പി.സിയും, സർഫിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ) യുടെ സാങ്കേതിക പിന്തുണയോടു കൂടി സംയുക്തമായി അന്താരാഷ്ട്ര സർഫിംഗ് മത്സരം 2024 മാർച്ച് 29, 30, 31 തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയ്ക്ക് സമീപമുള്ള ഇടവ ബീച്ചിൽ വച്ച് നടത്തുകയുണ്ടായി.<br><br>**3. <u>ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്</u>**<br><br>കേരളത്തിലെ ജലസാഹസിക ടൂറിസത്തിന് പുതിയ ദിശ കൈവരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പും കോഴിക്കോട് ഡി.റ്റി.പി.സി യും ചേർന്ന് ബേപ്പൂർ |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നടത്തി വരുന്നു. കേരളത്തിലെ 7 ബീച്ചുകൾ കേന്ദ്രീകരിച്ച് ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ ആരംഭിച്ചു. ബേപ്പൂർ ഗോദീശ്വരത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സർഫിംഗ് അക്കാദമി സ്ഥാപിച്ചു.<br><br>കേരളത്തിലെ തെരഞ്ഞെടുത്ത ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോർട്സ് ഓപ്പറേറ്റിംഗ് ഡെസ്റ്റിനേഷനുകളാക്കി അവിടെ അടിസ്ഥാന സൗകര്യങ്ങളും വാട്ടർ സ്പോർട്സ് റൈഡുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ഡെക്കുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശോധന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിവരുകയാണ് . കേരളത്തിലെ വിവിധ ബീച്ചുകളിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ കൂടി വിലയിരുത്തി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി സാഹസിക ആക്റ്റിവിറ്റികൾ (ATV Ride, Sea Kayaking, Surfing, Scuba Diving, Para Sailing, Speed Boat, Jet Skie, Power Boat Fun Rides, Wind Surfing, etc.) ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുവാനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുവാനുമായി എന്തൊക്കെ നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരികയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് പോലീസ് അധികാരികൾ, ഇതര |

| | | | |
|---|---|---|---|
| | | | വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>മാലിന്യ മുക്ത നവകേരളം ക്യാമ്പയിനിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹായത്തോടെ ഈ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഗ്യാപ്പ് അസ്സെസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കണ്ടെത്തിയ വിടവുകൾ പരിഹരിക്കുവാൻ എല്ലാ ജില്ലാ ഓഫീസർമാർക്കും, ഡിടിപിസി സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ ടോയ്‌ലറ്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും പരിഗണനയിലാണ്.<br><br>വർക്കല, കോവളം., മൂന്നാർ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയായി സംരക്ഷിയ്ക്കുന്നതിലേയ്ക്കായി ടി കേന്ദ്രങ്ങളെ "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" -ന്റെ ഭാഗമാക്കിയിട്ടുണ്ട്. വർക്കല, കോവളം., മൂന്നാർ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ കേന്ദ്രീകരിച്ചു നടക്കുന്ന എല്ലാ വികസന പ്രവൃത്തികളേയും ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന ഉദ്ദേശലക്ഷ്യത്തോടെ ടി കേന്ദ്രങ്ങൾക്ക് സമഗ്ര മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ